

storyweaver Community

Level 4

# എന്റെ അവകാശങ്ങൾ എനിക്കറിയാം (കുട്ടികൾക്കുള്ള അവകാശങ്ങൾ)

**Original Publisher:**
Pratham Books
**Author:**
Menaka Raman
**Illustrator:**
Sunando C
**Translator:**
Shabeeba N Noorainganakam



നിങ്ങൾക്കുള്ള അവകാശങ്ങൾ, എനിക്കുള്ള അവകാശങ്ങൾ, അങ്ങനെ
നമുക്കെല്ലാവർക്കും അവകാശങ്ങൾ ഉണ്ട്.

അവകാശങ്ങൾ നിങ്ങളെ ഉയർത്തുകയും, സംരക്ഷിക്കുകയും ചെയ്യുന്നു.
അവകാശങ്ങൾ നിങ്ങളുടെ ഉറ്റ സുഹൃത്തിനെപ്പോലെയാണ്.

തെറ്റായ കാര്യങ്ങൾ സംഭവിക്കുന്നതിൽ നിന്ന് അവകാശങ്ങൾ നമ്മെ
സംരക്ഷിക്കുന്നു, നമ്മുടെ അവകാശങ്ങൾ നമ്മെ ശക്തരാക്കുന്നു!

അവകാശങ്ങൾ ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്,
അത് നിങ്ങളുടെ രഹസ്യമായ സൂപ്പർ പവർ ആണ്!



എനിക്ക് ഇവിടെ
ജനിക്കുവാനും
ജീവിക്കുവാനുമുള്ള
അവകാശവുമുണ്ട്

**എന്നെപ്പോലെ ഓരോ കുട്ടിയും
ഈ ലോകത്ത് ജീവിക്കുവാനുള്ള
അവസരം അർഹിക്കുന്നുണ്ട്**

ഖോ-ഖോ, ക്രിക്കറ്റ്, കബഡി,
സ്ലൈഡിംഗ്, ഒളിച്ചുകളി അങ്ങനെ
എല്ലാ കളികളും എനിക്കും
കളിക്കുവാനുള്ള
അവകാശമുണ്ട്

സുഹൃത്തുക്കളെ തെരുവുകളിലും,
അയൽ വീടുകളിലും
കണ്ടുമുട്ടാനും
പുതിയ സുഹൃത്തുക്കളെ
ഉണ്ടാക്കുവാനും എനിക്ക്
അവകാശമുണ്ട്





**ആൾക്കൂട്ടത്തിൽ ഒരുപക്ഷെ നിങ്ങൾക്ക് എന്നെ കാണാൻ കഴിഞ്ഞേക്കില്ല, നിങ്ങൾക്ക് എന്റെ ശബ്ദം കേൾക്കാം - ഇത് വളരെ ഉച്ചത്തിലാണ്!**

## എന്റെ അഭിപ്രായങ്ങൾ മാനിക്കപ്പെടാൻ എനിക്കും അവകാശമുണ്ട്



എനിക്ക് ചുറ്റും ശക്തമായ ഒരു വലയമുണ്ട്, എന്നെ അപകടപ്പെടുത്താൻ ശ്രമിച്ചാൽ നിങ്ങൾ തീർച്ചയായും കുഴപ്പത്തിലാകും.

**ലൈംഗികമായും ശാരീരികമായും അപമാനിക്കപ്പെടാതിരിക്കാനുള്ള അവകാശം എനിക്കുണ്ട്**

എന്നിലൂടെ ഈ ലോകത്തെ
മാറ്റിത്തീർക്കാനുള്ള അവസരം
എനിക്ക് കൈവന്നിരിക്കുന്നു

എന്റെ ഇഷ്ടങ്ങളേയും
അനിഷ്ടങ്ങളേയും
പ്രകടിപ്പിക്കാൻ എനിക്ക്
അവകാശമുണ്ട്.





പാചകം ചെയ്യാനോ, വീടുകൾ
വൃത്തിയാക്കാനോ, കാറുകൾ
നന്നാക്കുവാനോ, മറ്റു കൈവേലകൾ
ചെയ്യുവാനോ ഞാൻ
ആഗ്രഹിക്കുന്നില്ല.

***ജോലിക്ക്
അയക്കപ്പെടാതിരിക്കാനുള്ള
അവകാശം എനിക്കുണ്ട്.***




**ഞാൻ ഒരിക്കലും വീട്ടിലെ വാതിലിനു പുറകിൽ മറഞ്ഞിരിക്കേണ്ട വ്യക്തിയല്ല.   എനിക്ക് പഠിക്കാനും, ഉയരാനും അവകാശമുണ്ട്.**

എനിക്ക് പ്രത്യേക പരിചരണവും പിന്തുണയും, വിദ്യാഭ്യാസവും ലഭിക്കുവാനുള്ള അവകാശങ്ങളുമുണ്ട്

എന്ത്, എന്തുകൊണ്ട്, എവിടെ,
എങ്ങനെ? എന്റെ ചോദ്യങ്ങൾക്ക്
ഇപ്പോൾ ഉത്തരം ലഭ്യമാണ് !

**എനിക്ക് വിവരങ്ങൾ അറിയാനുള്ള അവകാശമുണ്ട്.**

**എന്റെ അവകാശങ്ങൾ അറിയാൻ എനിക്ക് അവകാശമുണ്ട്.**





*ബാലസൗഹൃദ ഭാഷയിൽ കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച യുഎൻ കൺവെൻഷൻ* (ലിങ്ക്)
https://static.unicef.org/rightsite/files/uncrcchilldfriendlylanguage.pdf

**1. 18 വയസ്സിന് താഴെയുള്ള എല്ലാവർക്കും ഈ അവകാശങ്ങളുണ്ട്.**

**2. എല്ലാ കുട്ടികൾക്കും ഈ അവകാശങ്ങളുണ്ട്, അവർ ആരായാലും, അവർ എവിടെയാണ് താമസിക്കുന്നത്, അവരുടെ മാതാ-പിതാക്കൾ എന്ത് ചെയ്യുന്നു, അവർ സംസാരിക്കുന്ന ഭാഷ, അവരുടെ മതം,ആൺകുട്ടിയോ-പെൺകുട്ടിയോ, അവരുടെ സംസ്കാരം, അവർ ഭിന്നശേഷി ഉള്ളവരാണോ എന്നൊന്നും നോക്കരുത്. അവർ പണക്കാരായാലും പാവപ്പെട്ടവരായാലും. ഒരു കുട്ടിയോടും ഒരു കാരണവശാലും അനീതി കാണിക്കരുത്.**

**3. എല്ലാ മുതിർന്നവരും കുട്ടികൾക്ക് ഏറ്റവും മികച്ചത് തന്നെ ലഭ്യമാക്കണം.**



4.നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാൻ സർക്കാരിന് ഉത്തരവാദിത്വമുണ്ട്

5. നിങ്ങളുടെ അവകാശങ്ങൾ വിനിയോഗിക്കാൻ പഠിപ്പിക്കാനും, നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാനും, നിങ്ങളെ സഹായിക്കാനുള്ള ഉത്തരവാദിത്വം നിങ്ങളുടെ കുടുംബത്തിനുണ്ട്.

6. ജീവിക്കാനുള്ള അവകാശം നിങ്ങൾക്കുണ്ട്.

7. നിങ്ങൾക്ക് ഒരു പേരിനുള്ള അവകാശമുണ്ട്, ഇത് ഔദ്യോഗികമായി ആയിരിക്കണം
(സർക്കാർ അംഗീകരിച്ചത്).

8. നിങ്ങൾക്ക് ഒരു ദേശീയതയ്ക്കുള്ള അവകാശമുണ്ട് (ഒരു രാജ്യത്തിന്റേ ദേശീയത)

**9.** നിങ്ങൾക്ക് ഒരു ഐഡന്റിറ്റിക്കുള്ള അവകാശമുണ്ട് - നിങ്ങൾ ആരാണെന്നതിന്റെ ഔദ്യോഗിക രേഖ.

**10.** നിങ്ങൾക്ക് ദോഷകരമല്ലെങ്കിൽ, നിങ്ങളുടെ മാതാപിതാക്കളോടൊപ്പം ജീവിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്. അല്ലെങ്കിൽ നിങ്ങളെ പരിപാലിക്കുന്ന കുടുംബത്തോടൊപ്പം ജീവിക്കുവാനും നിങ്ങൾക്ക് അവകാശമുണ്ട്.



**11.** നിങ്ങളുടെ മാതാപിതാക്കളിൽ നിന്ന് വ്യത്യസ്തമായ ഒരു രാജ്യത്താണ് നിങ്ങൾ താമസിക്കുന്നതെങ്കിൽ, അവരോടൊപ്പം ഒരേ സ്ഥലത്ത് ഒരുമിച്ച് ജീവിക്കാൻ നിങ്ങൾക്ക്അ വകാശമുണ്ട്.

**12.** തട്ടിക്കൊണ്ടുപോകലിൽ നിന്ന് സംരക്ഷിക്കപ്പെടാൻ നിങ്ങൾക്ക് അവകാശമുണ്ട്.

**13.** നിങ്ങളുടെ അഭിപ്രായം പറയാൻ നിങ്ങൾക്ക് അവകാശമുണ്ട്, മുതിർന്നവർക്ക് അത് കേൾക്കാനും ഗൗരവമായി എടുക്കാനും കഴിയും.

**14.** മറ്റുള്ളവരെ ദ്രോഹിക്കുകയോ, സങ്കടപ്പെടുത്തുകയോ ചെയ്യുന്നില്ലെങ്കിൽ, കാര്യങ്ങൾ കണ്ടെത്താനും, നിങ്ങൾ ചിന്തിക്കുന്നത് മറ്റുള്ളവരുമായി പങ്കിടാനും, നിങ്ങൾക്ക് അവകാശമുണ്ട്.



15. നിങ്ങളുടെ സ്വന്തം മതവും വിശ്വാസവും തിരഞ്ഞെടുക്കാനുള്ള അവകാശം നിങ്ങൾക്കുണ്ട്.

16. മറ്റുള്ളവർക്ക് ഹാനികരമല്ലാത്തിടത്തോളം, നിങ്ങളുടെ സ്വന്തം സുഹൃത്തുക്കളെ തിരഞ്ഞെടുക്കാനും ഗ്രൂപ്പുകളിൽ ചേരാനും അല്ലെങ്കിൽ സജ്ജീകരിക്കുവാനും നിങ്ങൾക്ക് അവകാശമുണ്ട്.

17. നിങ്ങൾക്ക് സ്വകാര്യതയ്ക്കുള്ള അവകാശമുണ്ട്.

18. നിങ്ങളുടെ ക്ഷേമവുമായി ബന്ധപ്പെട്ട പ്രധാന വിവരങ്ങൾ ലഭിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്

19. സാധ്യമെങ്കിൽ നിങ്ങളുടെ രക്ഷിതാക്കളാൾ (മാതാപിതാക്കൾ) വളർത്തപ്പെടാൻ നിങ്ങൾക്ക് അവകാശമുണ്ട്.

20. ശരീരത്തിലോ മനസ്സിലോ മുറിവേൽക്കുന്നതിൽ നിന്നും, മോശമായി പെരുമാറുന്നതിൽ നിന്നും സംരക്ഷിക്കപ്പെടാനുള്ള അവകാശം നിങ്ങൾക്കുണ്ട്.



21. നിങ്ങൾക്ക്  മാതാപിതാക്കളോടൊപ്പം ജീവിക്കാൻ കഴിയുന്നില്ലെങ്കിൽ പ്രത്യേക പരിചരണത്തിനും സഹായത്തിനും നിങ്ങൾക്ക് അവകാശമുണ്ട്.

22. നിങ്ങളെ ദത്തെടുക്കുകയാണെങ്കിൽ പരിപാലിക്കപ്പെടാനും, സംരക്ഷിക്കപ്പെടാനുമുള്ള അവകാശം നിങ്ങൾക്കുണ്ട്.


23. നിങ്ങൾ ഒരു അഭയാർത്ഥി ആണെങ്കിൽ പ്രത്യേക സംരക്ഷണത്തിനും സഹായത്തിനും നിങ്ങൾക്ക് അവകാശമുണ്ട്.

24. നിങ്ങൾ ഒരു ഭിന്നശേഷിയുള്ള വ്യക്തിയാണെങ്കിൽ പ്രത്യേക വിദ്യാഭ്യാസത്തിനും, പരിചരണത്തിനും നിങ്ങൾക്ക് അവകാശമുണ്ട്. അതുവഴി നിങ്ങൾക്ക് പൂർണ്ണ ജീവിതം നയിക്കാനാകും.

25. സാധ്യമായ ഏറ്റവും മികച്ച ആരോഗ്യ പരിരക്ഷ, കുടിക്കാൻ ശുദ്ധമായ വെള്ളം, പോഷകസമൃദ്ധമായ ഭക്ഷണം, ശുദ്ധവും സുരക്ഷിതവുമായ അന്തരീക്ഷം, സുഖമായിരിക്കാൻ നിങ്ങളെ സഹായിക്കുന്ന വിവരങ്ങൾ എന്നിവയ്ക്കുള്ള അവകാശം നിങ്ങൾക്കുണ്ട്.

26. നിങ്ങൾ പരിചരണത്തിലോ വീട്ടിൽ നിന്ന് അകലെ മറ്റ് സാഹചര്യങ്ങളിലോ ആണ് താമസിക്കുന്നതെങ്കിൽ, ഈ ജീവിത ക്രമീകരണങ്ങൾ ഏറ്റവും അനുയോജ്യമാണോ എന്ന് പരിശോധിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്.

27. നിങ്ങൾ ദരിദ്രരോ ആവശ്യക്കാരനോ ആണെങ്കിൽ സർക്കാരിൽ നിന്നുള്ള സഹായത്തിന് നിങ്ങൾക്ക് അവകാശമുണ്ട്.



**28.** നിങ്ങൾക്ക് ഭക്ഷണം, വസ്ത്രം, സുരക്ഷിതമായ താമസസ്ഥലം, നിങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാനുള്ള അവകാശം എന്നിവയുമുണ്ട്.

**29.** നല്ല നിലവാരമുള്ള വിദ്യാഭ്യാസത്തിനുള്ള അവകാശം നിങ്ങൾക്കുണ്ട്. അവിടെ നിന്നും ഉയർന്ന തലത്തിലേക്ക് പോകാൻ നിങ്ങൾക്ക് പ്രോത്സാഹനം ലഭിക്കും.

**30.** നിങ്ങളുടെ കഴിവുകൾ ഉപയോഗിക്കാനും, വികസിപ്പിക്കാനും, നിങ്ങളുടെ വിദ്യാഭ്യാസം നിങ്ങളെ സഹായിക്കും. സമാധാനപരമായി ജീവിക്കാനും പരിസ്ഥിതി സംരക്ഷിക്കാനും മറ്റുള്ളവരെ ബഹുമാനിക്കാനും ഇത് നിങ്ങളെ സഹായിക്കും.



**31.** നിങ്ങളുടെ സ്വന്തം സംസ്കാരവും ഭാഷയും മതവും - അല്ലെങ്കിൽ നിങ്ങൾ തിരഞ്ഞെടുക്കുന്ന ഏതൊരു കാര്യവും ആചരിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്.

**32.** കളിക്കാനും വിശ്രമിക്കാനും നിങ്ങൾക്ക് അവകാശമുണ്ട്.



33. നിങ്ങളെ ദ്രോഹിക്കുന്നതും നിങ്ങളുടെ ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും ഹാനികരവുമായ ജോലിയിൽ നിന്ന് സംരക്ഷിക്കാനുള്ള അവകാശം നിങ്ങൾക്കുണ്ട്. നിങ്ങൾ ജോലി ചെയ്യുകയാണെങ്കിൽ, നിങ്ങൾക്ക് സുരക്ഷിതരായിരിക്കാനും ന്യായമായ ശമ്പളം ലഭിക്കുവാനുമുള്ള അവകാശമുണ്ട്.

34. ഹാനികരമായ മയക്കുമരുന്നുകളിൽ നിന്നും, മയക്കുമരുന്ന് വ്യാപാരത്തിൽ നിന്നും സംരക്ഷണം നൽകാനുള്ള അവകാശം നിങ്ങൾക്കുണ്ട്.

35. ലൈംഗിക ദുരുപയോഗത്തിൽ നിന്ന് സ്വതന്ത്രമാകാൻ നിങ്ങൾക്ക് അവകാശമുണ്ട്.

36. ഏത് തരത്തിലുള്ള ചൂഷണത്തിൽ നിന്നും സംരക്ഷണം നൽകാനുള്ള അവകാശം നിങ്ങൾക്കുണ്ട്.

37. ക്രൂരമോ ഹാനികരമോ ആയ രീതിയിൽ ആരാലും ശിക്ഷിക്കപ്പെടാതിരിക്കാനുള്ള അവകാശം നിങ്ങൾക്കുണ്ട്.



38. നിങ്ങൾക്ക് സംരക്ഷണത്തിനും യുദ്ധത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തിനും അവകാശമുണ്ട്. പതിനഞ്ചിൽ താഴെ വയസ്സുള്ള കുട്ടികളെ സൈന്യത്തിൽ ചേരാനോ യുദ്ധത്തിൽ പങ്കെടുക്കാനോ നിർബന്ധിക്കാനാവില്ല.

39. നിങ്ങളെ ഉപദ്രവിക്കുകയോ അവഗണിക്കുകയോ മോശമായി പെരുമാറുകയോ ചെയ്താൽ സഹായം ലഭിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്.

40. നിങ്ങളുടെ അവകാശങ്ങളെ മാനിക്കുന്ന നിയമപരമായ സഹായത്തിനും നീതിന്യായ വ്യവസ്ഥയിൽ നിന്നുള്ള ന്യായമായ പെരുമാറ്റത്തിനും നിങ്ങൾക്ക് അവകാശമുണ്ട്.



41. ഈ കൺവെൻഷനിലെ ആർട്ടിക്കിളുകളേക്കാൾ നിങ്ങളുടെ രാജ്യത്തെ നിയമങ്ങൾ നിങ്ങളുടെ അവകാശങ്ങൾക്ക് മികച്ച പരിരക്ഷ നൽകുന്നുവെങ്കിൽ, ആ നിയമങ്ങൾ ബാധകമാകണം.

42. നിങ്ങളുടെ അവകാശങ്ങൾ അറിയാനുള്ള അവകാശം നിങ്ങൾക്കുണ്ട്!

എല്ലാ കുട്ടികൾക്കും ഈ അവകാശങ്ങളെല്ലാം ഉണ്ടായിരിക്കണമെന്ന് കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച ഐക്യരാഷ്ട്രസഭയുടെ കൺവെൻഷൻ പറയുന്നു.

നിങ്ങളോ നിങ്ങൾക്കറിയാവുന്ന ആരുടെയെങ്കിലുമൊ അവകാശങ്ങൾ നിഷേധിക്കപ്പെടുകയാണെന്ന് നിങ്ങൾക്ക് തോന്നുന്നുവെങ്കിൽ, അതിനെക്കുറിച്ച് മുതിർന്നവരോട് പറയുക.

നിങ്ങൾക്ക് 1098 എന്ന നമ്പറിൽ ചൈൽഡ് ലൈനിൽ വിളിച്ച് അവിടെയുള്ള ആരോടെങ്കിലും സംസാരിക്കാം. കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് കൂടുതലറിയാൻ, സന്ദർശിക്കുക www.unicef.org/crc/

PRATHAM BOOKS storyweaver

This book was made possible by Pratham Books' StoryWeaver platform. Content under Creative Commons licenses can be downloaded, translated and can even be used to create new stories - provided you give appropriate credit, and indicate if changes were made. To know more about this, and the full terms of use and attribution, please visit the following link.

## Story Attribution:

This story: എന്റെ അവകാശങ്ങൾ എനിക്കറിയാം (കുട്ടികൾക്കുള്ള അവകാശങ്ങൾ) is translated by Shabeeba N Nooraingananakam . The © for this translation lies with Shabeeba N Nooraingananakam, 2023. Some rights reserved. Released under CC BY 4.0 license. Based on Original story: 'I Know My Rights', by Menaka Raman . © Pratham Books , 2019. Some rights reserved. Released under CC BY 4.0 license.

## Images Attributions:

Cover page: A bunch of children, by Sunando C © Pratham Books, 2019. Some rights reserved. Released under CC BY 4.0 license. Page 3: A flying baby, by Sunando C © Pratham Books, 2019. Some rights reserved. Released under CC BY 4.0 license. Page 4: A baby coming out of its cot, by Sunando C © Pratham Books, 2019. Some rights reserved. Released under CC BY 4.0 license. Page 5: A girl running fast, by Sunando C © Pratham Books, 2019. Some rights reserved. Released under CC BY 4.0 license. Page 6: A little girl singing on a bench, by Sunando C © Pratham Books, 2019. Some rights reserved. Released under CC BY 4.0 license. Page 7: A girl running inside bubble, by Sunando C © Pratham Books, 2019. Some rights reserved. Released under CC BY 4.0 license. Page 8: A boy dancing, by Sunando C © Pratham Books, 2019. Some rights reserved. Released under CC BY 4.0 license. Page 9: A boy in front of a garage, by Sunando C © Pratham Books, 2019. Some rights reserved. Released under CC BY 4.0 license. Page 10: A small girl reading many books, by Sunando C © Pratham Books, 2019. Some rights reserved. Released under CC BY 4.0 license. Page 11: A child standing upside down, by Sunando C © Pratham Books, 2019. Some rights reserved. Released under CC BY 4.0 license.

Disclaimer: https://www.storyweaver.org.in/terms_and_conditions

CC BY

Some rights reserved. This book is CC-BY-4.0 licensed. You can copy, modify, distribute and perform the work, even for commercial purposes, all without asking permission. For full terms of use and attribution, http://creativecommons.org/licenses/by/4.0/

PRATHAM BOOKS storyweaver

This book was made possible by Pratham Books' StoryWeaver platform. Content under Creative Commons licenses can be downloaded, translated and can even be used to create new stories - provided you give appropriate credit, and indicate if changes were made. To know more about this, and the full terms of use and attribution, please visit the following link.

## Images Attributions:

Page 12: A classroom full of students, by Sunando C © Pratham Books, 2019. Some rights reserved. Released under CC BY 4.0 license. Page 13: A classroom full of students, by Sunando C © Pratham Books, 2019. Some rights reserved. Released under CC BY 4.0 license. Page 14: A child with a mask on, by Sunando C © Pratham Books, 2019. Some rights reserved. Released under CC BY 4.0 license. Page 15: A little girl wearing a mask, by Sunando C © Pratham Books, 2019. Some rights reserved. Released under CC BY 4.0 license. Page 16: A little girl wearing a mask, by Sunando C © Pratham Books, 2019. Some rights reserved. Released under CC BY 4.0 license. Page 17: A little boy on robotic limbs, by Sunando C © Pratham Books, 2019. Some rights reserved. Released under CC BY 4.0 license. Page 18: A book lying on the floor, by Sunando C © Pratham Books, 2019. Some rights reserved. Released under CC BY 4.0 license. Page 19: A little girl thinking, by Sunando C © Pratham Books, 2019. Some rights reserved. Released under CC BY 4.0 license. Page 20: A little girl thinking, by Sunando C © Pratham Books, 2019. Some rights reserved. Released under CC BY 4.0 license. Page 21: A little girl thinking, by Sunando C © Pratham Books, 2019. Some rights reserved. Released under CC BY 4.0 license. Page 22: Bands of yellow and teal, by Sunando C © Pratham Books, 2019. Some rights reserved. Released under CC BY 4.0 license.

Disclaimer: https://www.storyweaver.org.in/terms_and_conditions

Some rights reserved. This book is CC-BY-4.0 licensed. You can copy, modify, distribute and perform the work, even for commercial purposes, all without asking permission. For full terms of use and attribution, http://creativecommons.org/licenses/by/4.0/

# എന്റെ അവകാശങ്ങൾ എനിക്കറിയാം (കുട്ടികൾക്കുള്ള അവകാശങ്ങൾ)

(English-Malayalam)

The United Nations Convention on the Rights of the Child lists out the basic rights that children have. It doesn't matter where you come from, what colour your skin is, whether you practice a religion or not, what language you speak, whether you are a boy or a girl or haven't decided yet – you have the right to these rights! This poster book lists out some of the rights of the child.

This is a Level 4 book for children who can read fluently and with confidence.

PRATHAM BOOKS
storyweaver

Pratham Books goes digital to weave a whole new chapter in the realm of multilingual children's stories. Knitting together children, authors, illustrators and publishers. Folding in teachers, and translators. To create a rich fabric of openly licensed multilingual stories for the children of India  and the world. Our unique online platform, StoryWeaver, is a playground where children, parents, teachers and librarians can get creative. Come, start weaving today, and help us get a book in every child's hand!